DESPATCHED
On...19/02/22

16/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1144(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 10361/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 16**

ശ്രീ. ഫാജിഷ് വഹാബ് എ.,
കാമ്പ്രത്ത് ചള്ള,
മുതലമട പി.ഒ.,
പാലക്കാട് – 678 507.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് ക്ലാർക്ക്,
നെന്മാറ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,
പാലക്കാട്.

2) അപ്പീൽ അധികാരി &
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
നെന്മാറ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,
പാലക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 09/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 15/02/2022 –(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഫാജിഷ് വഹാബ് എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് നൽകിയതെന്നും തുടർന്ന് ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയത് അപ്പീൽ അധികാരി

നിരാകരിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ഗ്രാമ വികസന കമ്മീഷണറുടെ 2.3.2021 തീയതിയിലെ 94/Estt.A3/2021/CRD ഉത്തരവിൽ പരാമർശം 2 ആയി പ്രതിപാദിച്ചിട്ടുള്ള നെന്മാറ ബി.ഡി.ഒ.യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

ii. മേൽപ്പടി ചോദ്യത്തിലെ അന്വേഷണ റിപ്പോർട്ടിൽ ശ്രീ. ഫാജിഷ് വഹാബ് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.7.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനായി നിയുക്ത അന്വേഷണ അതോറിറ്റിയെ നേരിട്ട് സമീപിക്കേണ്ടതാണെന്നാണ്.

4. രണ്ടാം എതിർകക്ഷി മുമ്പാകെ 09.08.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം ഇതുമായി ബന്ധപ്പെട്ട അന്വേഷണവും മറ്റ് നടപടിക്രമങ്ങളും പൂർത്തിയാകാത്തതിനാൽ നൽകാൻ ഇപ്പോൾ സാധിക്കുകയില്ലെന്നും, രണ്ടാമതായി ആവശ്യപ്പെട്ട ഇനത്തിന് ഹർജിക്കാരന്റെ സ്റ്റേറ്റുമെന്റിന്റെ പകർപ്പ് ടി മറുപടിയോടൊപ്പം അയച്ചു കൊടുക്കുന്നു എന്നുമാണ്.

5. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട നെന്മാറ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടോ ആയതുമായി ബന്ധപ്പെട്ട് ശ്രീ. ഫാജിഷ് വഹാബ് എ നൽകിയ മറുപടിയോ എതിർകക്ഷി ഓഫീസിലെ ഔദ്യോഗിക രേഖകളായി ഉണ്ടായിരുന്നില്ലെന്നും വേറൊരു ഓഫീസിൽ ജോലി ചെയ്തുകൊണ്ടിരിക്കവെ അന്വേഷണം നേരിടുന്ന ശ്രീ. ഫാജിഷ് വഹാബിനെ സംബന്ധിച്ചുള്ള അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്നുള്ള അറിവും ഓഫീസിൽ ലഭ്യമാവാത്ത സാഹചര്യത്തിലാണ് സെക്ഷൻ 6(3) പ്രകാരവും അപേക്ഷ കൈമാറാൻ സാധിക്കാതിരുന്നതെന്നും ആയതിനാലാണ് ഹർജിക്കാരനോട് നിയുക്ത അന്വേഷണ അതോറിറ്റിയെ നേരിട്ട് സമീപിക്കേണ്ടതാണെന്ന് അറിയിച്ചതെന്നും ആരെ സമീപിച്ചാലാണ് ടിയാന് മറുപടി ലഭ്യമാക്കുക എന്നുള്ള ഒരു ഗൈഡൻസ് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും തുടർന്ന് ഒന്നാം

അപ്പീൽ സമർപ്പിച്ചപ്പോൾ മാത്രമാണ് അപ്പീൽ അധികാരി കൂടിയായ നെന്മാറ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.സി. ജിനീഷ്, പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) ഉത്തരവിട്ട മുറക്ക് തികച്ചും കോൺഫിഡൻഷ്യൽ ആയി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞതെന്നും നിയുക്ത അന്വേഷണ അതോറിറ്റിയെ സമീപിച്ചാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുകയുള്ളു എന്നതുകൊണ്ടാണ് അത്തരം മറുപടി നൽകിയതെന്നും അപേക്ഷകനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലോ മന:പൂർവ്വം രേഖകൾ നൽകാതിരിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ്.

6. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ അധികാരിയായ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും ശ്രീ. ഫാജിഷ് വഹാബ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച സ്റ്റേറ്റ്മെന്റുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും ശ്രീ.ഫാജിഷ് വഹാബ് സമർപ്പിച്ച വിശദീകരണത്തിന്റെ പകർപ്പ് അനുവദിച്ച് നൽകിയിരുന്നുവെന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ടിയാന്റെ മേലുള്ള അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ നൽകാൻ നിർവ്വാഹമില്ല എന്ന് മറുപടി നൽകിയതാണെന്നും ഗ്രാമവികസന കമ്മീഷണറുടെ 2.3.2021 തീയതിയിലെ 94/എസ്റ്റാ/എ.3/2021/സി.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ടിയാനെ മുതലമട കൃഷി ഓഫീസറെ കയ്യേറ്റം ചെയ്തുവെന്ന പരാതിയിൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതായിരുന്നു എന്നും എന്നാൽ അച്ചടക്ക നടപടികൾ പൂർത്തിയായിട്ടില്ലെന്നും ആയത് പൂർത്തിയാവാത്ത സാഹചര്യത്തിൽ ടി രേഖകൾ നൽകുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാലും സി.നാഗരാജൻ Vs ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ് സെക്കന്റ് അപ്പീലിൽ കേന്ദ്ര വിവരാവകാശ കമ്മീഷൻ പുറപ്പെടുവിച്ച വിധിയുടെ പശ്ചാത്തലത്തിലും വിവരാവകാശ നിയമം സെക്ഷൻ 8(1) (എച്ച്) പ്രകാരവുമാണ് ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകാതിരുന്നതെന്നും അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ആവശ്യപ്പെട്ടാൽ നൽകുന്നതാണെന്നുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് ഗ്രാമവികസന കമ്മീഷണർ ആയിരുന്നു എന്നതിനാലും അതുകൊണ്ട് തന്നെ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷിയുടെ കൈവശം ഉണ്ടായിരുന്ന രേഖയായിരുന്നില്ല എന്നതിനാലും ഒന്നാം എതിർകക്ഷി സദുദ്ദേശത്തോടെ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. നിലവിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമായിട്ടുമുണ്ട്. ആയതിനാൽ ഇക്കാര്യത്തിലും,

നഷ്ടപരിഹാരം വേണമെന്ന ഹർജിക്കാരന്റെ ആവശ്യത്തിന്മേലും മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ടിയാനെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പാലക്കാട് ഗ്രാമവികസന കമ്മീഷണറോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി പാലക്കാട് ഗ്രാമവികസന കമ്മീഷണർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us